**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പിന്നാക്ക വിഭാഗ വികസന വകുപ്പ് - മറ്റ് പിന്നാക്ക വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്കായുള്ള ഓവർസീസ് സ്കോളർഷിപ്പ് പദ്ധതി (2020-21) - വിദ്യാർത്ഥികളെ തെരഞ്ഞെടുത്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================================

**പിന്നാക്ക വിഭാഗ വികസന (എ) വകുപ്പ്**

സ.ഉ.(സാധാ) നം.41/2021/പി.വി.വി.വ. തീയതി, തിരുവനന്തപുരം, 08/06/2021.

================================================================================

പരാമർശം: 1. സ.ഉ.(സാധാ) നം. 11/2014/പി.സ.വി.വ, തീയതി 24/01/2014.
2. സ.ഉ.(സാധാ) നം. 39/2021/പി.വി.വി.വ, തീയതി 24/05/2021.
3. പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ 10.05.2021 -ലെ BCDIR/259/2020-B2 നമ്പർ കത്ത്.
4. 03/06/2021 -ന് ബഹു. പിന്നാക്ക വിഭാഗ വികസന വകുപ്പ് സെക്രട്ടറിയുടെ ചേമ്പറിൽ ചേർന്ന സെലക്ഷൻ കമ്മിറ്റി യോഗ നടപടി കുറിപ്പ്.

**<u>ഉത്തരവ്</u>**

ലോക റാങ്കിംഗ് പ്രകാരം തിരഞ്ഞെടുത്ത വിദേശ സർവ്വകലാശാലകളിൽ മെഡിസിൻ, അഗ്രികൾച്ചറൽ സയൻസ്, പ്യൂവർ സയൻസ്, മാനേജ്മെന്റ്, എഞ്ചിനീയറിംഗ്, നിയമം, സോഷ്യൽ സയൻസ് എന്നീ വിഷയങ്ങളിൽ പോസ്റ്റ് ഗ്രാജ്വേറ്റ് / പി.എച്ച്.ഡി. കോഴ്സുകൾ തെരഞ്ഞെടുത്ത് സർക്കാർ ധനസഹായത്തോടെ പഠനം നടത്തുന്നതിന് കുടുംബ വാർഷിക വരുമാനം 6 ലക്ഷം രൂപ അധികരിക്കാത്ത മറ്റ് പിന്നാക്ക വിഭാഗ വിദ്യാർത്ഥികൾക്കായി ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് <u>മറ്റ് പിന്നോക്ക വിഭാഗക്കാർക്കുള്ള വിദേശ സ്കോളർഷിപ്പ് (Overseas Scholarship to OBC Students in rated Foreign Universities).</u> പരാമർശം (1) പ്രകാരം ഈ പദ്ധതി സംബന്ധിച്ച വിശദമായ മാനദണ്ഡങ്ങൾ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2. 2020-21 -ലെ വാർഷിക പദ്ധതിയിൽ, ടി പദ്ധതിയുടെ നടത്തിപ്പിനായി 110 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

3. 2013-14 മുതൽ ടി പദ്ധതി നടപ്പിലാക്കിയപ്പോൾ അപേക്ഷകർക്ക് പ്രവേശനം നേടാവുന്ന യൂണിവേഴ്സിറ്റികളുടെ എണ്ണം ടൈംസ് ഹയർ എഡ്യൂക്കേഷൻ ലോക റാങ്കിംഗ് പ്രകാരം 200 യൂണിവേഴ്സിറ്റികളെ ഉൾപ്പെടുത്തിയാണ് പരാമർശം (1) -ലെ ഉത്തരവ് പുറപ്പെടുവിച്ചിരുന്നത്. തുടർന്ന് 600 റാങ്ക് വരെയുള്ള യൂണിവേഴ്സിറ്റികളെയും ഈ പദ്ധതി പ്രകാരം ഉൾപ്പെടുത്തിയിരുന്നു.

4. പരാമർശം 3 -ലെ കത്തിനോടൊപ്പം പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ ഒ.ബി.സി. വിദ്യാർത്ഥികൾക്കായുള്ള വിദേശ പഠന സ്കോളർഷിപ്പിനായുള്ള അപേക്ഷകളി ന്മേൽ 03/06/2021 -ന് ഉച്ചയ്ക്ക് 12.00 മണിക്ക് പിന്നാക്ക വിഭാഗ വികസന വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷത യിൽ സെലക്ഷൻ കമ്മിറ്റി യോഗം ചേരുകയും ഈ യോഗത്തിൽ പദ്ധതി പ്രകാരം 2020-21 വർഷത്തേയ്ക്ക് ആകെ 231 അപേക്ഷകളാണ് ലഭിച്ചതെന്നും സൂക്ഷ്മപരിശോധനയിൽ നിശ്ചിത തീയതിക്ക് ശേഷം സമർപ്പിച്ച 15 അപേക്ഷകൾ സഹിതം പദ്ധതി മാനദണ്ഡങ്ങൾ പാലിച്ചിട്ടുള്ള 123 അപേക്ഷ കർക്ക് സ്കോളർഷിപ്പിന് അർഹതയുള്ളതായും 93 അപേക്ഷകരെ പദ്ധതി മാനദണ്ഡങ്ങൾക്ക് വിരുദ്ധ

(….2)

മായി അപേക്ഷ സമർപ്പിച്ചിട്ടുള്ളതിനാൽ നിരസിച്ചിട്ടുള്ളതിനാലും അർഹരായ 123 അപേക്ഷകരിൽ ടൈംസ് ഹയർ എഡ്യൂക്കേഷൻ റാങ്കിംഗ് പ്രകാരം 1 മുതൽ 200 വരെ റാങ്കിംഗ് ഉള്ള യൂണിവേഴ്സിറ്റിയിൽ പ്രവേശനം നേടിയ 49 പേരും 201 മുതൽ 600 വരെ റാങ്കിംഗ് ഉള്ള യൂണിവേഴ്സിറ്റിയിൽ പ്രവേശനം നേടിയ 74 പേരും ഉൾപ്പെട്ടിട്ടുള്ളതായും വകുപ്പ് ഡയറക്ടർ അറിയിച്ചു.

5. ഗുണഭോക്തൃ നിർണയം സംബന്ധിച്ച വിഷയത്തിൽ യോഗം വിശദമായ ചർച്ച നടത്തുകയും വിജ്ഞാപന പ്രകാരമുള്ള നിശ്ചിത തീയതിക്കുശേഷം ലഭ്യമാക്കിയിട്ടുള്ള 15 അപേക്ഷകൾ നിരസിക്കുന്ന തിനും, ഇതിനകം ഒരു ബിരുദാനന്തര ബിരുദം കരസ്ഥമാക്കുകയും തുടർന്ന വിദേശത്ത് മറ്റൊരു ബിരുദാനന്തര ബിരുദ പഠനത്തിന് അപേക്ഷ സമർപ്പിച്ചിട്ടുള്ളതുമായ അപേക്ഷകരെ ഒഴിവാക്കുന്നതിനും തീരുമാനിച്ചു.

6. ഈ വർഷം പദ്ധതി പ്രകാരം സ്കോളർഷിപ്പിന് അർഹരായവരുടെ എണ്ണം അനുവദനീയമായ പരിധി കവിഞ്ഞിട്ടുള്ളതിനാൽ പദ്ധതിയുടെ അടിസ്ഥാന മാനദണ്ഡങ്ങൾക്ക് വിധേയമായി കുറഞ്ഞ വാർഷിക വരുമാനക്കാർക്ക് മുൻഗണന നൽകുന്നതിനും അർഹരായ അപേക്ഷകരുടെ ബാഹുല്യവും ഫണ്ടിന്റെ അപര്യാപ്തതയും കണക്കിലെടുത്ത് നടപ്പ് വർഷത്തെ ഗുണഭോക്താക്കളുടെ എണ്ണം ആകെ 21 ആയി പരിമിതപ്പെടുത്തുന്നതിനും നിശ്ചയിച്ചു.

7. ഈ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന 21 വിദ്യാർത്ഥികൾക്ക് (ടൈംസ് ഹയർ എഡ്യൂക്കേഷൻ ലോക റാങ്കിംഗ് പ്രകാരം 1 മുതൽ 200 വരെയുള്ള യൂണിവേഴ്സിറ്റികളിൽ പ്രവേശനം നേടിയ 8 പേരെയും 201 മുതൽ 600 വരെയുള്ള യൂണിവേഴ്സിറ്റികളിൽ പ്രവേശനം നേടിയ 13 പേരെയും) 2020-21 വർഷത്തേക്കുള്ള ഓവർസീസ് സ്കോളർഷിപ്പ് പദ്ധതിയുടെ ഗുണഭോക്താക്കളായി നിർദ്ദിഷ്ട മാനദണ്ഡങ്ങൾക്ക് വിധേയമായി തെരഞ്ഞെടുത്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | പേരും അഡ്രസ്സും | കോഴ്സ് | പ്രവേശനം ലഭിച്ച / ലഭിക്കുന്ന യൂണിവേഴ്സിറ്റിയുടെ പേര് |
|---|---|---|---|
| 1 | JIMA ROSE MARYPUSHPAM<br>VARUTHATTU HOUSE,<br>PUTHIYATHURA,<br>PUTHIYATHURA P. O,<br>THIRUVANANTHAPUAM – 695 526 | MA SOCIO CULTURAL ANTHROPOLOGY | UNIVERSITY OF DURHAM |
| 2 | KIRANDEV R<br>SRUTHY, NEAR PRABODHINI,<br>UPS, VAKKOM<br>VAKKOM P. O, CHIRAYINKEEZHU,<br>THIRUVANANTHAPUAM – 695 308 | MA (MODERN HISTORY) | UNIVERSITY OF SUSSEX, UNITED KINGDOM |
| 3 | SAJIN MOHAN<br>PUTHENVILAYIL, KONNAPPARA,<br>ATHUMPUMKULAM P. O, KONNI,<br>PATHANAMTHITTA – 689 692 | MSc (HEALTH ECONOMICS) | SAPIENZA UNIVERSITY OF ROME |
| 4 | SREEDEVI P U<br>POOVATHMKADAVIL (H),<br>PANANGAD P. O,<br>THRISSUR – 680 665 | PhD IN DENTISTRY | UNIVERSITY OF ABERDEEN, SCOTLAND |

(…..3)

| | | | |
|---|---|---|---|
| 5 | MUSLIHA BETTY R R<br>KAPPUMCHALIL (HO)<br>PERAMBRA, PAITHOTH,<br>MENHANYAM, KOZHIKODE | MSc INTERNATIONAL BUSINESS | ANGLIA RUSKIN UNIVERSITY |
| 6 | ANFAL V A<br>VELLARKODATH,<br>MUTTOM,<br>THAIKKATTUKARA P. O,<br>ALUVA – 683 106 | MSc ELECTRICAL POWER & CONTROL ENGINEERING | LIVERPOOL JOHN MOORES UNIVERSITY |
| 7 | VAISAKH A U<br>ALLANNUR HOUSE,<br>KURUMALA P. O, CHELAKKARA,<br>THRISSUR – 680 586 | MSc INTERNATIONAL BUSINESS | ANGLIA RUSKIN UNIVERSITY |
| 8 | SRUTHY THOMAS P<br>PULIKKATHARA HOUSE,<br>GOTHURUTH P. O,<br>NORTH PARAVUR, ERNAKULAM | MSc INTERNATIONAL MANAGEMENT | UNIVERSITY OF LEICESTER,<br>UNITED KINGDOM |
| 9 | MIDHUNA ASHOK<br>ORUKKUTHY (H)<br>MUDAKKIRAI,<br>KURUPPAMPADY P. O,<br>ERNAKULAM – 683 545 | MASTERS IN ARTIFICIAL INTELLIGENCE | UNIVERSITY OF ESSEX |
| 10 | MUHAMMED SHABEEB T K<br>THEKKINKADAN,<br>KULIKKILIYAD, KOTTAPPURAM<br>PALAKKAD – 679 513 | MSc SUPPLY CHAIN MANAGEMENT | ANGLIA RUSKIN UNIVERSITY |
| 11 | FABIYA BEVERA<br>CHANDRU PARAMBIL,<br>WATER LAND ROAD,<br>ATHIRA LANE,<br>PALLURUTHY – 682 006 | MSc ELECTRICAL POWER & CONTROL ENGINEERING | LIVERPOOL JOHN MOORES UNIVERSITY |
| 12 | MOHAMMED DAWOOD A<br>AVAYIL HOUSE,<br>KILINAKKODE,<br>CHERUR P. O,<br>MALAPPURAM – 676 304 | MASTERS IN STATISTICAL METHODS & APPLICATIONS | SAPIENZA<br>UNIVERSITY OF ROME |
| 13 | SIYAS K<br>KUNNATH HOUSE,<br>PERINCHOORIL,<br>POOKKOTTUMPADAM P. O,<br>MALAPPURAM – 679 332 | MSc ARTIFICIAL INTELLIGENCE WITH A YEAR IN INDUSTRY | ROYAL HOLLOWAY UNIVERSITY OF LONDON |
| 14 | EVLIN K SHIBU<br>KOCHUPARAMBIL HOUSE,<br>NORTH ARYAD P O,<br>ALAPPUZHA – 688 538 | MSc INTERNATIONAL BUSINESS | ANGLIA RUSKIN UNIVERSITY |

(…..4)

| | | | |
|---|---|---|---|
| 15 | SELMA MAJEED<br>MAJLIS,<br>CHEMBAJASSERY PURAYIDAM,<br>ZAKARIA WARD, V P ROAD,<br>ALAPPUZHA – 695 009 | MSc BUSINESS ANALYTICS & DECISION SCIENCES | UNIVERSITY OF SOUTHAMPTON |
| 16 | AGHIL G R<br>GOKULAM,<br>TC 41/880, KURIYATHI,<br>THERAKAM JUNCTION,<br>MANACAUD P. O,<br>THIRUVANANTHAPURAM – 695 009 | MS IN METLLURGICAL ENGINEERING | RWTH AACHEN UNIVERSITY, GERMANY |
| 17 | VAISAKH S<br>SOUPARNIKA,<br>NEAR CHAITHANYA SCHOOL,<br>VALACODU P O,<br>PUNALUR – 691 331 | MSc TRANSPORT ENGINEERING & MOBILITY | RWTH AACHEN UNIVERSITY, GERMANY |
| 18 | ARJUNA A<br>ANDATHODATH,<br>PALATTU P. O, VELLIPARAMBA,<br>KOZHIKODE – 680 641 | MSc PROJECT MANAGEMENT | UNIVERSITY OF THE WEST OF SCOTLAND |
| 19 | MUHAMMED KABEER P<br>POOTHATTAYIL HOUSE,<br>MOONNIYUR SOUTH P.O,<br>KUNNATH PARAMBA,<br>MALAPPURAM – 676 311 | MSc INTERNATIONAL MANAGEMENT | UNIVERSITY OF THE WEST OF SCOTLAND |
| 20 | IMMANUEL JITHIN<br>THATTASSERY HOUSE,<br>EDAKOCHI P.O,<br>ERNAKULAM – 682 010 | MSc BUSINESS ANALITICS | ASTON UNIVERSITY, BRIMINGHAM, UNITED KINGDOM |
| 21 | PRIYANKA SIVANKUTTY<br>KRISHNA VILASAM,<br>MANKAMKUZHY P O,<br>MAVELIKKARA,<br>ALAPPUZHA – 690 558 | MASTER IN TELECOMMUNICATION ENGINNERING | UNIVERSITY OF BOLOGNA, ITALY |

8. മുകളിൽ പറഞ്ഞിട്ടുള്ള വിദ്യാർത്ഥികളിൽ 1 മുതൽ 200 വരെ റാങ്കിംഗ് ഉള്ള യൂണിവേഴ്സിറ്റികളിൽ പ്രവേശനം നേടിയ 8 വിദ്യാർത്ഥികൾക്ക് കോഴ്സിന് ചെലവാകുന്ന മുഴുവൻ തുകയോ അല്ലെങ്കിൽ 10 ലക്ഷം രൂപയോ ഇതിൽ ഏതാണോ കുറവ് അത് അനുവദിക്കുന്നതാണ്. 201 മുതൽ 600 വരെ റാങ്കിംഗ് ഉള്ള യൂണിവേഴ്സിറ്റികളിൽ പ്രവേശനം നേടിയ 13 വിദ്യാർത്ഥികൾക്ക് മൊത്തം ചെലവിന്റെ 50 ശതമാനം അഥവാ പരമാവധി 10 ലക്ഷം രൂപ അധികരിക്കാൻ പാടില്ലാത്തതാണ് എന്ന വ്യവസ്ഥയിൽ സ്കോളർഷിപ്പ് അനുവദിക്കാവുന്നതാണ്.

9. തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർ സ്വീകരിക്കേണ്ടതും ഇതിനുവേണ്ടി വരുന്ന ചെലവ് 2225-03-277-91 എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതുമാണ്.

(…..5)

10. ഓരോ സാമ്പത്തിക വർഷവും അപേക്ഷ ക്ഷണിക്കുന്നതിന് മുൻപ് യൂണിവേഴ്സിറ്റികളുടെ റാങ്കിംഗ് പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം),

**സോണിയ വാഷിംഗ്ടൺ**
**അഡീഷണൽ സെക്രട്ടറി**

ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, കനകനഗർ, വെള്ളയമ്പലം, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, വെള്ളയമ്പലം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ&ഇ), കേരള, തിരുവനന്തപുരം
ഉന്നത വിദ്യാഭ്യാസ വകുപ്പ്
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ, (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

പകർപ്പ്:-
ബഹു. പട്ടികജാതി- പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ വികസനവും ദേവസ്വവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
പിന്നാക്ക വിഭാഗ വികസന വകുപ്പ് സെക്രട്ടറിയുടെ പി.എ -യ്ക്ക്
പിന്നാക്ക വിഭാഗ വികസന വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ -യ്ക്ക്